"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് - സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.9 തടസപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2537/2024/LSGD തീയതി,തിരുവനന്തപുരം, 26-12-2024

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 26/09/2022-ലെ പി.എ.എൻ/12282/202-എം3(ഡി.പി) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24/05/2023 - ലെ ഡി.കെ.എസ്.എ/4180/2022-പി.റ്റി1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മെറിറ്റോറിയസ് അവാർഡ് (S0104/18) എന്ന പദ്ധതിയുടെ ഭാഗമായി എസ്.എസ്.എൽ.സി, +2 ക്ലാസുകളിൽ A+ നേടിയ 32 വിദ്യാർത്ഥികൾക്ക് അവർ നേടിയ സ്കോറിന് ആനുപാതികമായി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 49,950/- രൂപ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സർക്കാരിന്റെ 03/04/2017-ലെ ജി.ഒ (എം.എസ്)നമ്പർ 80/2017 സബ്സിഡി മാർഗ്ഗരേഖ പ്രകാരം കേന്ദ്ര സംസ്ഥാന തല പരീക്ഷയിൽ യോഗ്യത നേടി പഠനം നടത്തി വരുന്ന എസ്.സി വിഭാഗത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തുക നൽകാവുന്നതാണെന്നും സംസ്ഥാന സർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ ബിരുദ/ബിരുദാനന്തര കോഴ്സ് മുതലായ പ്രഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പഠനത്തിനാണ് സ്കോളർഷിപ്പ് നൽകുന്നതെന്നും എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി കുടുംബങ്ങളിലെ എസ്.എസ്.എൽ.സി, +2 തലത്തിലുള്ള വിദ്യാർത്ഥികൾക്ക് കൂടി ക്യാഷ് അവാർഡ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളതാണെന്നും, ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും, എല്ലാ തുകയും

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും, ധനനഷ്ടം ഉണ്ടായിട്ടില്ലെന്നും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിന് പദ്ധതി ഉപകരിച്ചിട്ടുണ്ടെന്നും, മേൽ ചെലവിനുള്ള സാധൂകരണത്തിന് പഞ്ചായത്ത് ഭരണ സമിതിയും ആലപ്പുഴ ജില്ലാതല മോണിറ്ററിംഗ് സമിതിയും ശിപാർശ നൽകിയിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് തടസത്തിന് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും, വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ സമഗ്രപുരോഗതിയ്ക്ക് പദ്ധതി ഉപകരിച്ചിട്ടുള്ളതിനാലും, ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 -ലെ പരാമർശത്തിന് സാധൂകരണം നൽകുന്നത് വകുപ്പിന് എതിർ അഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശിപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്ക് പദ്ധതി ഉപകരിച്ചിട്ടുള്ളതിനാലും ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക: 3.9 പ്രകാരം തടസപ്പെടുത്തിക 49,950/- (നാൽപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അൻപത് രൂപ) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**GANGA G R**

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (LSGD-AB1/58/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 26-12-2024 12:06:05

സെക്ഷൻ ഓഫീസർ